**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1468** **03-02-2026 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിലെ തസ്തിക നിർണ്ണയവും അംഗീകാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 2025-26 അധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. GO(P) 5/2022/GEDN തീയതി 18.04.2022 ലെ സർക്കാർ ഉത്തരവ് പ്രകാരം അധിക തസ്തിക അനുവദിക്കുന്നത് സർക്കാരാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും സമാഹൃത റിപ്പോർട്ട് ലഭ്യമാക്കിക്കൊണ്ട് അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ജൂലൈ മാസത്തിൽ പൂർത്തിയാക്കേണ്ട തസ്തിക നിർണ്ണയം ഒക്ടോബർ കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിനും അധിക തസ്തികകൾക്ക് അംഗീകാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെയും കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | 2025-26 അധ്യയന വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 6-ാമത്തെ പ്രവൃത്തി ദിവസം റോളിലുള്ള, EID ലഭ്യമായതും എന്നാൽ 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണയത്തിൽ ഉൾപെടുത്തുന്ന വിഷയത്തിൽ കൂടി തീരുമാനം കൈക്കൊണ്ട് അധിക തസ്തികൾ അനുവദിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | ഈ വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി എത്ര അധിക തസ്തികകൾ പുതുതായി കണ്ടെത്തുകയുണ്ടായിയെന്നും ഇതിൽ എത്ര അധ്യാപക തസ്തികകളും എത്ര അനധ്യാപക തസ്തികകളും ഉൾപ്പെടുന്നുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തസ്തികകളുടെ പൂർണമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ. |
| (ഡി) | തസ്തികയ്ക്ക് അംഗീകാരം വൈകുന്നതിനാൽ അധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക തസ്തികകൾക്ക് എന്ന് മുതൽ അംഗീകാരം | (ഡി) | ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും സമാഹൃത റിപ്പോർട്ട് ലഭ്യമാക്കിക്കൊണ്ട് അധിക തസ്തികകൾ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ